Coverage Report: TCS IT Wiz – Kochi Edition

## ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം ഒക്ടോബർ അഞ്ചിന്

ഐടി സേവന രംഗത്തെ മുൻനിരക്കാരായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിസിഎസ് ഐടി വിസ് 2016 ക്വിസ് മത്സരം ഒക്ടോബർ അഞ്ചിന് കൊച്ചിയിൽ കലൂർ ഗോകുലം പാർക്ക് ആൻഡ് കൺവെൻഷൻ സെന്ററിൽ വെച്ച് നടക്കും. സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന രാജ്യത്ത് നടത്തുന്ന ഏറ്റവും വലിയ ടെക്നോളജി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്.

എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും രണ്ട് പേരടങ്ങുന്ന പരമാവധി എട്ട് ടീമുകളെ മത്സരത്തിനായി അയക്കാം. പ്രവേശന ഫീസ് ഇല്ല.

ആദ്യഘട്ടം എഴുത്തുപരീക്ഷയാണ്. അതിൽ മുന്നിട്ട് നിൽക്കുന്ന ആറ് ടീമുകൾക്കാണ് പ്രാദേശിക ഫൈനലിൽ പങ്കെടുക്കാൻ അവസരം. പ്രാദേശിക ഫൈനലുകളിൽ വിജയിക്കുന്ന ടീമുകൾ ഡിസംബറിൽ മുംബൈയിൽ നടക്കുന്ന മെഗാ ഫൈനലിൽ മത്സരിക്കും.

മത്സരത്തിലേക്കുള്ള എൻട്രികൾ ഒക്ടോബർ മൂന്നിന് മുമ്പായി ടിസിഎസ് ഐടി വിസ് കോർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടിസിഎസ് സെന്റർ സെസ് യൂണിറ്റ്, ഇൻഫോപാർക്ക് കൊച്ചി 682042 എന്ന വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്കായി 8547894433 എന്ന നമ്പറിൽ ബന്ധപ്പെടുക.